## പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2603

19.07.2011-ൽ
മറുപടിയ്ക്ക്

### ലാത്തിച്ചാർജ്ജുകളും ഗ്രനേഡ് പ്രയോഗങ്ങളും

**ചോദ്യം**

ശ്രീ.സി.ദിവാകരൻ.
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.വി.ശശി.
ശ്രീ.പി.തിലോത്തമൻ

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ലാത്തിച്ചാർജ്ജുകളും, ഗ്രനേഡ് പ്രയോഗങ്ങളും നടത്തിയിട്ടുണ്ട്, ഇതിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ.ഉമ്മൻ ചാണ്ടി.
(മുഖ്യമന്ത്രി)

എ) തിരുവനന്തപുരം സിറ്റിയിൽ സമരക്കാർ പോലീസിനു നേരെ രൂക്ഷമായി കല്ലേറ് നടത്തി പോലീസിനെ ആക്രമിച്ച സമയം അക്രമാസക്തരായ സമരക്കാരെ ലാത്തി വീശിയും, ജലപീരങ്കിയും, ടിയർ ഗ്യാസ്/ഗ്രനേഡുകൾ ഉപയോഗിച്ചും പിരിച്ച് വിട്ടിട്ടുണ്ട്.

കണ്ണീർ വാതകപ്രയോഗത്തിലും ലാത്തി വീശിയതിലും വച്ച് ചിതറിയോടി വീണും തമ്മിൽ കൂട്ടിയിടിച്ചും മറ്റും പരിക്കു പറ്റിയ 49-ഓളം പേർ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്.

കോഴിക്കോട് റൂറലിൽ നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ സർക്കാർ അധികാര മേറ്റതിന്റെ വിജയാഹ്ലാദപ്രകടന വുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.

| | | | |
|---|---|---|---|
| | | | യു.ഡി.എഫ് പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ ജനക്കൂട്ടത്തെ പിരിച്ചു വിടുന്നതിനു വേണ്ടി ഒരു സ്റ്റെൻ ഗ്രനേഡ് പ്രയോഗിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ പരിധിയിൽ ഐ.യു.എം.എൽ ആഹ്വാനം ചെയ്ത ഹർത്താലിൽ ആക്രമാസക്തരായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനായി മൂന്നു ഗ്രനേഡുകൾ പ്രയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവങ്ങിൽ ആർക്കും പരിക്ക് പറ്റിയിട്ടില്ല. |
| ബി | യുവജന വിദ്യാർത്ഥികൾക്കു നേരെ നടത്തിയ ക്രൂരമായ ഈ പോലീസ് അതിക്രമങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ബി | പോലീസ്, യുവജന വിദ്യാർത്ഥികൾക്കുനേരെ അതിക്രമങ്ങൾ നടത്തിയിട്ടില്ല. നിയമപരമായി പ്രവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ